(ഡി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ 276 പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ കൂടുകയും തടസ്സങ്ങൾ നീക്കുന്നതിനായി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതിനു പുറമെ ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ വിവിധ ഓഫീസർമാർ പ്രോജക്ട് അലർട്ട് സിസ്റ്റം (PASK) സംവിധാനത്തിലൂടെയും വീഡിയോ കോൺഫറൻസിംഗിലൂടെയും പദ്ധതികളുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി മിഷൻ 676-ൽ ഉൾപ്പെടുത്തി കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ജലനിധി ഒരു ആവശ്യാധിഷ്ഠിത പദ്ധതി ആയതിനാൽ പഞ്ചായത്തുകൾ ഈ പദ്ധതി ആവശ്യപ്പെടുകയും അതിനായി പഞ്ചായത്തുതന്നെ സഹായ സംഘടനകളെ തിരഞ്ഞെടുക്കുകയും ഈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഗുണഭോക്താക്കളെ കണ്ടെത്തുകയും കടിവെള്ള പദ്ധതികൾ ആവിഷ്കരിക്കുകയും അതിന്റെ പ്രവർത്തനത്തിനുള്ള തുക സ്വരൂപിക്കുകയും ചെയ്യുന്നു. സഹായ സംഘടനയുടെ ടെക്നിക്കൽ സ്റ്റാഫ്, സർവ്വേ നടത്തുകയും സ്രോതസ്സിനുള്ള സ്ഥലം കണ്ടെത്തുകയും ചെയ്യുന്നു. സഹായ സംഘടനയുടെ എഞ്ചിനീയർമാരും ജലനിധിയുടെ എഞ്ചിനീയർമാരും ചേർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പഞ്ചായത്തിന് ഭരണാനുമതി നൽകുകയും ചെയ്യുന്നു. കെ.ആർ.ഡബ്യു.എസ്.എ.-യുടെ സാങ്കേതിക അനുമതിയോടെ പദ്ധതി പൂർത്തിയാക്കുന്നു. പദ്ധതി ആവിഷ്കരിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സഹായ സംഘടനയുടെ എഞ്ചിനീയർമാരും ജലനിധിയുടെ എഞ്ചിനീയർമാരും ചേർന്ന് ഉചിതമായ ഭൂജല പരിപോഷണ നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുകയും റീജിയണൽ ഓഫീസിൽ നിന്നും സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നു.

ശബരിമല തീർത്ഥാടകർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ

22 (*81) ശ്രീ. സാജു പോൾ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടകരുടെ സുഗമമായ യാത്രയ്ക്കും ദർശനത്തിനും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി ഈ വർഷം ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്യൂ കോംപ്ലക്സുകളുടെ വിപുലീകരണം നടത്തിയോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ ;

(സി) ശബരിമലയിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിരുന്നോ ; സർക്കാർ സംവിധാനം പരാജയപ്പെട്ടിട്ടുണ്ടോ ; കാരണം വിലയിരുത്തിയോ ;

(ഡി) റോഡു നിർമ്മാണത്തിലെ നിലവാരമില്ലായ്മയാണ് വർഷാവർഷം വൻതുക റോഡു നന്നാക്കാനായി ചെലവിടേണ്ടി വരുന്നതിനു കാരണമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത്തരം കരാറുകാരിൽ നിന്ന് ഖജനാവിന് വരുന്ന നഷ്ടം ഈടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) 2014-15 മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കുവേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും, ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയും മറ്റിതര സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ഏകോപിപ്പിച്ച കൊണ്ട് താഴെ പറയുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. മുൻവർഷങ്ങളിലേതുപോലെ തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങളും, ക്ഷേത്ര സമുച്ചയങ്ങളുടെയും മറ്റ് അനുബന്ധ കെട്ടിടങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾ.
2. ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ പിൽഗ്രിം സെന്ററുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ.
3. താമസ സൗകര്യത്തിനായി മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺ ലൈൻ ബുക്കിംഗ് സൗകര്യം.
4. വൃദ്ധർക്കും കുട്ടികൾക്കും അംഗവൈകല്യം സംഭവിച്ചവർക്കും ആയാസ രഹിതമായി ദർശനം നടത്തുന്നതിനുള്ള സംവിധാനം.
5. കുടിവെള്ള സംഭരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ടാങ്കുകൾ.

LIBRARY ARCHIVES Kerala Legislative Assembly

6. പമ്പയിൽ പഴയ ടോയ്‌ലറ്റ് ബ്ലോക്കിന് പകരമായി പുനർ നിർമ്മിച്ച രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകൾ (ഓരോ ബ്ലോക്കിലും 84 ടോയ്‌ലറ്റ്).

7. ശബരിമലയിൽ 120 ടോയ്‌ലറ്റുകൾ 34 കളിമുറികൾ.

8. മലകയറി വരുന്ന തീർത്ഥാടകർക്കും ദർശനം കഴിഞ്ഞ് മല ഇറങ്ങുന്ന തീർത്ഥാടകർക്കും സൗകര്യപ്രദമായി ഉപയോഗിക്കാവുന്ന രീതിയിലുള്ള 48 ബയോ യൂറിനൽ യൂണിറ്റുകൾ.

9. പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻറോഡിലും ചന്ദ്രാനന്ദൻ റോഡിലും 10 യൂണിറ്റുകളുള്ള ബയോ ടോയ്‌ലറ്റുകൾ.

10. പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഔഷധ കുടിവെള്ള വിതരണ സംവിധാനം.

11. ശുദ്ധജല വിതരണത്തിനും ലഘുഭക്ഷണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയുള്ള ക്രമീകരണങ്ങൾ.

12. നിലയ്ക്കലിൽ രണ്ട് കുഴൽകിണറുകൾ.

13. അന്നദാനം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി. പ്രധാന വഴിപാട് ഇനങ്ങളായ അപ്പം, അരവണ എന്നിവ ആവശ്യത്തിന് സ്റ്റോക്ക് ചെയ്തു.

14. പമ്പയിൽ നിലവിലുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ വിപുലീകരണം.

15. പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഓക്സിജൻ പാർലറുകളും അതിനോടനുബന്ധിച്ചുള്ള ഹെൽത്ത് കിയോസ്കുകൾ. ഓക്സിജൻ പാർലറുകളുടെ എണ്ണം വർദ്ധിപ്പിച്ചു.

16. അപ്പാച്ചിമേട് നീലിമല എന്നിവിടങ്ങളിലെ കാർഡിയോളജിക് സെന്ററുകളിൽ ഡോക്ടർമാരുടെ സേവനവും ആവശ്യമായ ഉപകരണങ്ങളും ഏർപ്പെടുത്തി.

17. പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടി ആംബുലൻസ് സർവ്വീസ്.

LIBRARY ARCHIVES Kerala Legislative Assembly

18. പമ്പ, ശബരിമല റ്റെടിലും പമ്പ മുതൽ പ്ലാപ്പള്ളിവരേയും നിലയ്ക്കലിലും കൂടാതെ മറ്റ് വാഹന പാർക്കിംഗ് സ്ഥലങ്ങളിലും ആവശ്യമായ വെളിച്ച സംവിധാനം.

19. നിലയ്ക്കലും പമ്പയിലും വാഹന പാർക്കിംഗിനായി വിപുലമായ ക്രമീകരണങ്ങൾ.

20. കാനനപാതയിൽ കൂടുതൽ ബാരിക്കേടുകൾ.

21. പമ്പാ നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള തുണി, എക്കൽ തുടങ്ങിയ മാലിന്യങ്ങൾ നീക്കം ചെയ്യൽ.

22. കുളിക്കടവുകളിൽ 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ.

23. സന്നിധാനത്ത് പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.

24. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി.

25. ചികിത്സാ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പമ്പയിൽ പുതിയ ആശുപത്രി സമുച്ചയം.

26. പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തലുകൾ.

27. ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളെല്ലാം അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കി.

28. എരുമേലിയിൽ നിന്നുള്ള യാത്രാക്ലേശത്തിന് പരിഹാരമാകുന്ന കണമലപ്പാലം ഡിസംബറിൽ പൂർത്തിയാകും.

(ബി) മരക്കൂട്ടം മുതൽ ശരംകുത്തിവരെയുള്ള മൂന്ന് കൃ കോംപ്ലക്സുകളുടെ ടെൻഡർ വിളിച്ച് കരാർ ഉറപ്പിച്ചിട്ടുള്ളതും പണികൾ നടന്നു കൊണ്ടിരിക്കുന്നതുമാണ്.

(സി) നിർദ്ദേശിച്ചിരുന്നു. ഇക്കാര്യത്തിൽ സർക്കാർ സംവിധാനം പരാജയപ്പെട്ടിട്ടില്ല. റോഡുകളുടെ അറ്റകുറ്റ പണികൾക്കായി 2014 വർഷത്തിൽ പൊതുമരാമത്തുവകുപ്പ് കോട്ടയം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കൊല്ലം എന്നീ അഞ്ച് ജില്ലകളിലായി 60 കോടി രൂപ ചെലവുവരുന്ന 589 പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

(ഡി) ഇക്കാര്യത്തിൽ ദേവസ്വം വകുപ്പ് പരിശോധന നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly